(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കാലിത്തീറ്റയുടെ ഗുണമേന്മ

6 (*494)ശ്രീ. എം.എ. തോമസ് :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ -വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമാക്കുന്ന കാലിത്തീറ്റയുടെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞ കാലിത്തീറ്റ പാലിന്റെ ഉല്പാദനത്തിൽ കുറവുവരുത്തുകയും കാലിസമ്പത്തിനെ ബാധിക്കുന്ന തരത്തിൽ വിവിധ രോഗങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്ത് കാലിത്തീറ്റയുടെ ഗുണനിലവാരം ഉയർത്തുന്നതിന് എന്തൊക്കെ നടപടി കഴിഞ്ഞ മൂന്നുവർഷമായി നടന്നു വരുന്നു എന്നു വ്യക്തമാക്കുമോ;

(ഡി) ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് ഗുണനിലവാരമുള്ള കാലിത്തീറ്റ നിർമ്മിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇതിനായി സംസ്ഥാനത്ത് എവിടെയെല്ലാമാണ് സർക്കാർ ഉടമസ്ഥതയിൽ കാലിത്തീറ്റ ഫാക്ടറി പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്ത് കാലിത്തീറ്റയുടെ ആവശ്യം വർദ്ധിച്ചുവരുന്നതു പരിഗണിച്ച് സർക്കാർ ഉടമസ്ഥതയിലെ കാലിത്തീറ്റ ഫാക്ടറികളിലെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സംസ്ഥാനത്ത് ലഭ്യമാക്കുന്ന കാലിത്തീറ്റയുടെ ഗുണമേന്മ പരിശോധിക്കുന്നതിന് സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ, ചെങ്ങന്നൂരിൽ ഒരു ഫീഡ് ടെസ്റ്റിംഗ് ലാബ് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) മിൽമയുടെ കീഴിലുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികൾക്ക് പുറമേ ഗുണമേന്മയുള്ള കാലത്തീറ്റ ലഭ്യമാക്കുന്നതിന് സർക്കാരുടമസ്ഥത

LIBRARY ARCHIVES Kerala Legislative Assembly

യിൽ കല്ലേറ്റിൻകരയിൽ 'കേരള ഫീഡ്സ്' സ്ഥാപിച്ചു. പ്രസ്തുത കമ്പനി വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം നടത്തി വിപണനം തുടങ്ങി നിർമ്മാണ പ്രക്രിയയുടെ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഫാക്ടറിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനു വേണ്ടി നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ട്. ബന്ധപ്പെട്ട വിവിധ ഏജൻസികളുമായി ചർച്ച നടത്തിയശേഷം മാത്രമേ വിശദാംശങ്ങൾ ഉരുത്തിരിയുകയുള്ളു.

(ഇ)&(എഫ്) സർക്കാർ ഉടമസ്ഥതയിൽ തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 500 മെട്രിക് ടൺ ഉല്പാദനശേഷിയുള്ള ഒരു ഫാക്ടറി സ്ഥാപിച്ചു. ഇതിനു പുറമേ മിൽമയുടെ കീഴിൽ പട്ടണക്കാടും മലമ്പുഴയിലും രണ്ടു കാലിത്തീറ്റ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്.

(ജി) കല്ലേറ്റുംകരയിലെ കേരള ഫീഡ്സ് ഫാക്ടറിയിൽ ഇപ്പോൾ രണ്ട് ഷിഫ്റ്റ് പ്രവർത്തിച്ചു വരുന്നു. മൂന്നാമത്തെ ഷിഫ്റ്റിന്റെ പ്രവർത്തനം കഴിവതുംവേഗം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പറമ്പിക്കുളം-അലിയാർ നദീജല കരാർ പുതുക്കൽ

7 (*495)ശ്രീ. സി.എഫ്. തോമസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം അലിയാർ അന്തർ സംസ്ഥാന നദീജല കരാർ പുതുക്കൽ സംബന്ധിച്ച ചർച്ചകളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) കരാർ കാലാവധി കഴിഞ്ഞ് പത്ത് വർഷമായിട്ടും കരാർ പുതുക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ നിന്നും പാലക്കാട് ജില്ലയ്ക്ക് അനുവദിച്ച 2500 ദശലക്ഷം ഘനഅടി ജലം കൊണ്ടു വരുന്നതിന് കരാറിൽ വ്യവസ്ഥയുള്ള ഹൈലെവൽ കനാൽ നിർമ്മിക്കുവാൻ സർക്കാർ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) കനാൽ നിർമ്മിക്കാതിരിക്കാൻ തമിഴ്നാടിന്റെ സമ്മർദ്ദമുണ്ടോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 29.05.1970-ൽ ഒപ്പുവച്ച പറമ്പിക്കുളം-അലിയാർ പദ്ധതികരാർ 1988-ൽ പുനരവലോകനം ചെയ്യാൻ സമയമായിരുന്നു. അതനുസരിച്ച് തിരുവനന്തപുരത്ത് വച്ച് 21.09.89-ൽ കൂടിയ മന്ത്രിതല ചർച്ചയുടെ ഫലമായി രണ്ട് സംസ്ഥാനങ്ങളും തമ്മിൽ മെമ്മോറാണ്ടങ്ങൾ കൈമാറി. അതിനുശേഷം അഞ്ച് മന്ത്രിതല ചർച്ചകൾ നടക്കുകയുണ്ടായി. 05.11.92-ൽ മദിരാശിയിൽ ചേർന്ന മന്ത്രിതല ചർച്ചയിൽ വച്ച് ഒരു സപ്ലിമെന്ററി മെമ്മോറാണ്ടം കൂടി തമിഴ്നാടിന് കൈമാറുകയുണ്ടായി. 28.02.93-ലും, 03.04.93-ലും ഔദ്യോഗികതല ചർച്ചകൾ യഥാക്രമം തിരുവനന്തപുരത്തും തമിഴ്നാട്ടിലും വച്ച് നടന്നു. 25.05.93-ൽ നിയമസഭയുടെ ഒരു അഡ്ഹോക്ക് കമ്മിറ്റിയെ പദ്ധതികരാർ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ചു. 28.11.96-ൽ ചെന്നൈയിൽ വച്ച് ഈ വിഷയത്തെക്കുറിച്ച് മന്ത്രിതല ചർച്ചകൾ നടന്നു. അന്തർ സംസ്ഥാന നദീജലചർച്ചകളിൽ ഉന്നയിക്കേണ്ട പ്രശ്നങ്ങൾ പഠിച്ച് അജണ്ട തയ്യാറാക്കു

LIBRARY ARCHIVES Kerala Legislative Assembly